ജയിൽ ആസ്ഥാനകാര്യാലയം
തിരുവനന്തപുരം
തീയതി : 05-08-2020

## സർക്കുലർ നം: 67

വിഷയം : കൊവിഡ് എന്ന മഹാമാരി ജയിലിൽ വ്യാപരിക്കുന്നതിനെ തടയുന്നതിനുള്ള മുൻകരുതൽ സംബന്ധിച്ച്.

കൊല്ലം ജില്ലാ ജയിലിൽ 57 പേരോളം തടവുകാർക്ക് കൊവിഡ് ബാധിച്ച എന്നത് ഏറ്റവും ഭീകരമായ അവസ്ഥയാണ്. ഇത് തികച്ചും ജയിൽ സൂപ്രണ്ടിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. അന്തേവാസികൾ പുറത്തു പോകാത്ത സ്ഥിതിക്ക് ജീവനക്കാരിൽ നിന്ന് പകരാനാണ് കൂടുതൽ സാദ്ധ്യത. ജയിലുകളിൽ ശുചിത്വം പാലിക്കുന്നതിനോടൊപ്പം അന്തേവാസികളുമായി നിരന്തരം ഇടപഴകി പ്രവർത്തിക്കുന്നവർ എന്ന നിലയിൽ ജയിൽ സൂപ്രണ്ടുമാർ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ജയിലിനു പുറത്ത് പൊതുവായ സമ്പർക്കങ്ങളിൽ ഉൾപ്പെടുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ജയിലുകളിൽ രോഗവ്യാപനം വളരെ പെട്ടെന്ന് നിയന്ത്രണാതീതമാകുന്ന ഒരു അവസ്ഥ സംജാതമാകുന്നതാണ്. കഴിഞ്ഞ 5 മാസത്തോളമായി മറ്റ് ജയിലുകളിലെല്ലാം തന്നെ കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ജാഗ്രത പുലർത്തിയത് പ്രശംസാർഹം തന്നെ.

എന്നിരുന്നാലും സമ്പർക്ക വ്യാപനം കൂടിക്കൊണ്ടിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാ ജയിൽ സൂപ്രണ്ടുമാരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും കീഴ് ഉദ്യോഗസ്ഥർക്ക് വേണ്ട കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ജാഗ്രത പുലർത്താത്ത സൂപ്രണ്ടുമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും അവരുടെ ആനുവൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനെ ബാധിക്കുകയും ചെയ്യുന്നതാണ്.

ഋഷിരാജ് സിംഗ് ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ്

ഡി.ഐ.ജി, ദക്ഷിണ മേഖല/മദ്ധ്യ മേഖല/ ഉത്തര മേഖല